

• ഡോക്യുമെന്ററി സിനിമ/കാഴ്ച

# ആയിരം ദിനങ്ങളും ഒരു സ്വപ്നവും

ഫോട്ടോ : മധുരാജ്, മാതൃഭൂമി

മുസ്തഫ ദേശമംഗലം

തങ്ങളുടെ നഷ്ടപ്പെട്ട കുടിവെള്ള സ്രോതസ്സും, പരമ്പരാഗതമായി ചെയ്തുവന്നിരുന്ന കാർഷികമേഖലയിലെ പണികളും തിരിച്ചുകിട്ടുമെന്ന് സ്വപ്നംകണ്ട് അന്തരിച്ച മയിലമ്മയും ഇന്നും കൊക്കക്കോള കമ്പനിക്ക് മുമ്പിൽ സന്ധിയില്ലാ സമരത്തിലുള്ള അനേകം മയിലമ്മമാരും വേലൂർ സ്വാമിനാഥനും വിളയോടി വേണുഗോപാലും തുടങ്ങി കൊക്കക്കോള വിരുദ്ധ സമരത്തിന്റെ ഏകദേശ പൂർണരൂപമാണ്. പി. ബാബുരാജും സി. ശരത്ചന്ദ്രനും സംയുക്തമായി സംവിധാനം ചെയ്ത 'ഒരായിരം ദിനങ്ങളും ഒരു സ്വപ്നവും' എന്ന ഡോക്യുമെന്ററി ചിത്രം.

മാറുന്ന സമരത്തിന്റെ കൃത്യമായ ഒരു ലക്ഷ്യബോധത്തിൽ ഊന്നിക്കൊണ്ടുള്ള ചിത്രം സമരത്തെക്കുറിച്ച് പുറത്തുനടക്കുന്ന ചർച്ചകളിലേക്ക് പോകുന്നുമില്ല. കൃത്യമായും ജനജീവിതത്തെ കടന്നാക്രമിച്ച ആഗോളകുത്തക കമ്പനിയെ ശത്രുവാക്കി നിർത്തി, അതിനെതിരെയുള്ള ജനങ്ങളുടെ സമരവും അവരുടെ ഇച്ഛാശക്തിയും ഏതു സാമാന്യജനത്തെയും ബോധ്യപ്പെടുത്തും വിധം സമരത്തിന്റെ ചരിത്രം പറയുന്ന ചിത്രമാണ് "ഒരായിരം ദിനങ്ങളും ഒരു സ്വപ്നവും." ചിത്രത്തിന്റെ തലക്കെട്ടിൽതന്നെ ചിത്രത്തിന്റെ പൊതുവായ ഉള്ളടക്കം അടങ്ങിയിട്ടുമുണ്ട്.

സമരത്തെ സഹായിക്കുംവിധം പ്രവർത്തിച്ച കേരളത്തിനും ഇന്ത്യക്ക് അകത്തും പുറത്തും നിന്നുള്ള വ്യക്തികളുടെയും സംഘടനകളുടെയും സംഭാവനകൾ ചിത്രം അനാവരണം ചെയ്യുന്നുണ്ട്. കേന്ദ്രസംസ്ഥാന സർക്കാരുകൾ കൈകൊണ്ട നടപടികളും കോടതിവിധികളും ചിത്രത്തിന്റെ ദീർഘകാല പ്രയത്നം പ്രേക്ഷകനെ ബോധ്യപ്പെടുത്തുന്നുണ്ട്. കോളയിൽ വിഷാംശങ്ങൾ അടങ്ങിയിട്ടുണ്ടെന്ന പഠനറിപ്പോർട്ടിനെ തുടർന്ന് പാർലിമെന്റിലും, നിയമസഭയിലും കോള നിരോധിച്ച്, ഭരിക്കുന്നവന്റെ ആരോഗ്യത്തെക്കുറിച്ചുള്ള കണിശമായ നിലപാടുകൾ ജനാധിപത്യ വ്യവസ്ഥയുടെ പരമപ്രധാനമായ 'ജനങ്ങൾക്ക്' ബാധകമല്ലേയെന്ന് ചിത്രം ചോദിക്കുന്നുണ്ട്. ഈ ചോദ്യം പ്രേക്ഷകന് ചിരി സമ്മാനിച്ച്, ചിരിയുടെ ഒടുവിൽ ജനാധിപത്യവ്യവസ്ഥയുടെ കാതലായ ഒരു ചോദ്യവും സമ്മാനിക്കുന്നുണ്ട്.

സ്വന്തം നിലനിൽപ്പുകളെക്കുറിച്ചും ജീവിതത്തെക്കുറിച്ചും ഏതെങ്കിലും വിധത്തിൽ അന്വേഷണം നടത്തുന്ന മനുഷ്യന്, ഈ ചിത്രത്തിലൂടെ ആഗോളകുത്തകകൾ എന്ത് വിപത്താണ് തങ്ങളുടെ ജീവിതത്തിനുമേൽ സൃഷ്ടിക്കുന്നതെന്ന് ലളിതമായി മനസ്സിലാക്കാനാവും.

ആഗോള കുത്തകകൾക്ക് വേണ്ടി കസേരയിട്ട് കാത്തിരിക്കുന്ന അധികാരിവർഗ്ഗത്തിന്, കേരളസർക്കാരിന് ഒരുപക്ഷെ ഈ ചിത്രം, ഈ കുറിപ്പ് എല്ലാം തമാശയായി മാത്രമേ കാണാനാകൂ. ലക്ഷ്യം കൃത്യമാകുമ്പോൾ പ്രതിസന്ധികളെക്കുറിച്ച് പറയുന്ന എല്ലാം അവഗണിക്കണമല്ലോ ? സ്വന്തം കുഴി വെട്ടുന്നവന് ഈ ഡോക്യുമെന്ററി ചിത്രം തള്ളിക്കളയേണ്ട ഒന്നാണ്; സ്വന്തം ജീവനെ പരിഗണിക്കുന്നവന് ഈ ചിത്രം പ്രേരിപ്പിക്കേണ്ട ഒന്നാണ്.


• *സി. ശരത്ചന്ദ്രൻ, 101, നോർത്ത് ഫോർട്ട് ഗാർഡൻസ്, തൃപ്പൂണിത്തുറ, 9446426433.*

• *മുസ്തഫ ദേശമംഗലം, 'ശ്രുതി', തിരൂർ*


## അതിരപ്പിള്ളി – പാത്രക്കടവ് യോഗം

അതിരപ്പിള്ളി-പാത്രക്കടവ് ജലവൈദ്യുത പദ്ധതികൾ സാമൂഹ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. കേരളത്തിൽ വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്ന ജീവനിലും ഭാവിയിലും താല്പര്യമുള്ളവരുടെ കൂട്ടായ്മ പദ്ധതിക്കെതിരെ യോഗം ചേരുന്നു.

ബന്ധപ്പെടുക

രവി 9249898773

മോഹൻദാസ് 9895977769

സുന്ദർരാജൻ 9895116715